2024
APRIL
11
THURSDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## മുല്ലപ്പെരിയാറിൽ പുതിയ ഡാം: ഡിപിആർ അന്തിമഘട്ടത്തിൽ



**തിരുവനന്തപുരം:** മുല്ലപ്പെരിയാറിൽ പുതിയ ഡാം നി!ർമിക്കുന്നതിന്റെ ഭാഗമായി വിശദ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയാറാക്കുന്നത് അന്തിമഘട്ടത്തിൽ. ഒന്നര മാസത്തിനകം ഡിപിആർ പൂർത്തിയാക്കാനാണ് ജലവിഭവ വകുപ്പ് തീരുമാനം. തമിഴ്നാടിന്റെ അനുമതി ലഭിച്ചാൽ 5 വർഷത്തിനകം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമിക്കാനാകുമെന്നാണ് കേരളത്തിന്റെ വിലയിരുത്തൽ. 1300 കോടി രൂപയാണ് പുതിയ ഡാമിന്റെ എസ്റ്റിമേറ്റ് കണക്കാക്കുന്നത്.

ഡിപിആർ തയാറാക്കുന്നത് രണ്ടാം തവണയാണ്. ആദ്യ ഡിപിആർ 2011ൽ ആണ് തയാറാക്കിയത്. പ്രളയ ഭീഷണിയും ഭൂചലനവും പ്രതിരോധിക്കാൻ കഴിയുന്ന തരത്തിലുള്ള പുതിയ ഡാമിന്റെ രൂപകൽപന ഇറിഗേഷൻ വകുപ്പ് ഇന്റർ സ്റ്റേറ്റ് വാട്ടേഴ്സ് (ഐഎസ്ഡബ്ല്യു) ചീഫ് എൻജിനീയറുടെ നേതൃത്വത്തിലാണ് തയാറാക്കിയത്. എസ്റ്റിമേറ്റ്, അണക്കെട്ടിലെ പ്രത്യേകതകൾ, ഉയരം, വീതി, ഡാമിന്റെ പ്രവർത്തനം തുടങ്ങിയവയാണ് ഡിപിആറിൽ ഉണ്ടാകുക.ഐഎസ്ഡബ്ല്യു ചീഫ് എൻജിനീയർ ചെയർമാനും ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച് ബോർഡ് ചീഫ് എൻജിനീയർ വൈസ് ചെയർമാനും 10 അംഗങ്ങളും ഉൾപ്പെടുന്ന സമിതിയാണ് ഡിപിആർ തയാറാക്കുന്നത്. ഐഡിആർബി ഡയറക്ടർ, ഹൈഡ്രോളജി വിഭാഗം ജോയിന്റ് ഡയറക്ടർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ(എറണാകുളം) സൂപ്രണ്ടിങ് എൻജിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ(കട്ടപ്പന) എക്സിക്യൂട്ടീവ് എൻജിനീയർ തുടങ്ങിയവരും അംഗങ്ങളാണ്.

ഡിപിആർ തയാറാക്കുന്നതിന് 2021ൽ സർക്കാർ ഉത്തരവിറക്കിയെങ്കിലും തുടർനടപടികൾ വൈകി. പുതിയ ഡിപിആർ തയാറാക്കിയ ശേഷം കേന്ദ്ര ജലകമ്മിഷന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതിക്കായി കേരളം സമർപ്പിക്കും. ജനുവരിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

# വ്യോമാക്രമണം കടുപ്പിച്ച് ഇസ്രയേൽ

## ഹമാസ് ഭീകരന്റെ മക്കളും കൊച്ചുമക്കളും കൊല്ലപ്പെട്ടു

**ഗാസ:** ആഘോഷമില്ലാത്ത ഈദുൽ ഫിത്ർ ദിനത്തിൽ ഗാസയിലെമ്പാടും മുഴങ്ങിയത് ഇസ്രയേൽ വ്യോമാക്രമണങ്ങൾ. ഗാസ സിറ്റിയിലെ ഷാതി അഭയാർഥി ക്യാംപിനു നേരെ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ ഹമാസ് ഭീകരൻ ഇസ്മായിൽ ഹനിയയുടെ 3 മക്കളും 3 കൊച്ചുമക്കളും കൊല്ലപ്പെട്ടു. 7 വർഷമായി ഹമാസ് ഭീകരനായ ഹനിയ ഇപ്പോൾ ഖത്തറിലാണുള്ളത്. മക്കളായ ഹസെം, അമീർ, മുഹമ്മദ് എന്നിവർ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി അൽ ജസീറ ചാനൽ അഭിമുഖത്തിൽ ഹനിയ സ്ഥിരീകരിച്ചു. രക്തസാക്ഷികളുടെ ത്യാഗത്തിൽനിന്നും പരുക്കേറ്റവരുടെ വേദനയിൽനിന്നും നാടിന്റെ സ്വാതന്ത്ര്യത്തിനായുള്ള പ്രതീക്ഷ കെട്ടിപ്പടുക്കുമെന്ന് ഇസ്മായിൽ ഹനിയ പറഞ്ഞു. കഴിഞ്ഞ 24 മണിക്കൂറിനിടെയുണ്ടായ ഇസ്രയേൽ ആക്രമണങ്ങളിൽ 122 പേരാണു ഗാസയിൽ കൊല്ലപ്പെട്ടത്. 56 പേർക്കു പരുക്കേറ്റു.



ഇതിനിടെ, ഇറാനിൽനിന്ന് ആക്രമണമുണ്ടായാൽ നേരിട്ടു തിരിച്ചടിക്കുമെന്ന് ഇസ്രയേൽ വിദേശകാര്യ മന്ത്രി ഇസ്രയേൽ കാറ്റ്സ് സമൂഹ മാധ്യമത്തിലൂടെ പ്രഖ്യാപിച്ചത് മേഖലായുദ്ധ ഭീഷണിക്ക് ആക്കം കൂട്ടി. സിറിയയിലെ ഡമാസ്കസിലുള്ള ഇറാനിയൻ കോൺസുലേറ്റ് ആക്രമിച്ചതിനു പ്രതികാരം ചെയ്യാതിരിക്കില്ലെന്ന് ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ല ഖമനയി ഈദ് പ്രഭാഷണത്തിൽ പറഞ്ഞിരുന്നു.

ഗാസയുടെ കാര്യത്തിൽ ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു അബദ്ധങ്ങൾ ചെയ്തുകൂട്ടുകയാണെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ആരോപിച്ചു. വടക്കൻ ഗാസയിലേക്ക് ഒന്നരലക്ഷം പേർക്കു മടങ്ങിയെത്താമെന്നാണു തങ്ങൾ മുന്നോട്ടുവച്ച വെടിനിർത്തൽ നിർദേശങ്ങളിലൊന്നെന്ന് ഇസ്രയേൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി. ബന്ദികളിൽ ഇനി ശേഷിക്കുന്നവരുടെ പട്ടിക ഹമാസ് കൈമാറണമെന്ന ഉപാധിയിലാണിത്.

ഇസ്രയേൽ തടസ്സം നിൽക്കുന്നതുമൂലം ഗാസയിൽ ആവശ്യത്തിനു സഹായവിതരണം നടക്കുന്നില്ലെന്ന ആരോപണങ്ങൾക്കിടെ, ഐക്യരാഷ്ട്ര സംഘടനയെ കുറ്റപ്പെടുത്തി ഇസ്രയേൽ സൈനികവിഭാഗം രംഗത്തെത്തി. സ്വന്തം പ്രശ്നങ്ങൾ മറച്ചുവയ്ക്കാൻ ഭക്ഷണവിതരണ വാഹനങ്ങളുടെ എണ്ണം യുഎൻ മനഃപൂർവം കുറച്ചു കാണിക്കുകയാണെന്നാണ് ഇസ്രയേൽ ആരോപണം.

## പ്രവാസികളുടെ വിഷുക്കണി; കേരളത്തിൽനിന്ന് 1500 ടൺ പച്ചക്കറി ഗൾഫിലേക്ക്

**നെടുമ്പാശേരി:** ഗൾഫ് മലയാളികളുടെ വിഷു ആഘോഷത്തിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി നാലു ദിവസങ്ങളിലായി 1500ൽപ്പരം ടൺ പച്ചക്കറി കയറ്റി അയയ്ക്കും. ഇതിൽ കൂടുതലും വിഷുക്കണി കാണാനുള്ള വിഭവങ്ങളാണ്. കഴിഞ്ഞ വർഷം 1300 ടൺ പച്ചക്കറിയാണ് വിഷു സീസണിൽ കൊച്ചിയിൽനിന്നു കയറ്റുമതി ചെയ്തത്.


ഇത്തവണ യാത്രാ വിമാനങ്ങളിലാണ് അധികവിഭവങ്ങളും കയറ്റി അയയ്ക്കുന്നത്. രണ്ടു കാർഗോ വിമാനങ്ങളും ക്രമീകരിക്കും. കണിക്കൊന്ന പൂവ്, കണി വെള്ളരിക്ക, ചക്ക, മാങ്ങ, അച്ചിങ്ങ, കുമ്പളങ്ങ, തക്കാളി, വെണ്ടക്ക, മുരിങ്ങക്കായ, മത്തങ്ങ, കോവക്ക തുടങ്ങിയവയാണ് പ്രധാനമായും കയറ്റി വിടുന്നത്.



വിമാനത്താവളത്തിൻറെ സമീപ പ്രദേശങ്ങളിൽനിന്നുള്ള കൃഷിക്കാരിൽനിന്നു സംഭരിക്കുന്ന കാർഷികവിഭവങ്ങൾക്കൊപ്പം തമിഴ്നാട്ടിൽനിന്നു കൊണ്ടുവരുന്ന സാധനങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്.

കേരളത്തിൽനിന്നു ഗൾഫ് മേഖലയിലേക്ക് കയറ്റി അയയ്ക്കുന്ന വിഭവങ്ങൾ ഈ വർഷം ജനുവരി മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ വർധിച്ചിട്ടുണ്ട്. ഈ വർഷം 20030.150 ടൺ സാധനങ്ങളാണ് കയറ്റി വിട്ടത്. കഴിഞ്ഞവർഷം ഈ കാലയളവിൽ 14898.305 ടൺ വിഭവങ്ങളാണു കയറ്റി വിട്ടത്. ചെങ്കടലിലെ കടൽക്കൊള്ളക്കാരുടെ ഭീഷണിമൂലം കപ്പൽഗതാഗതം തടസപ്പെട്ടതാണു വ്യോമമാർഗമുള്ള കാർഗോ കയറ്റുമതി വർധിക്കാൻ കാരണം. പൂക്കൾ, പഴം, പച്ചക്കറി, മാംസം, മത്സ്യം തുടങ്ങിയ സാധനങ്ങളുടെ കയറ്റുമതിയാണ് കൂടിയത്. ഈ കാലയളവിൽ തിരുവനന്തപുരം വഴി 8084.1225 ടണ്ണും കൊച്ചി വഴി 6855.04 ടണ്ണും കോഴിക്കോട് വഴി 4345 ടണ്ണും കണ്ണൂർ വഴി 746 ടണ്ണും സാധനങ്ങളാണു കയറ്റിവിട്ടത്.





# കേരളത്തിലെ ആദ്യത്തെ പി(എക്സ്.എൽ) സ്ക്രീൻ കൊച്ചി ഫോറം മാളിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലുതും ആഡംബരപൂർണവുമായ തിയറ്റർ ശൃംഖലയായ പിവിആർ ഐനോക്സ് കൊച്ചിയിൽ ഒമ്പത് സ്ക്രീനുകൾ അടങ്ങിയ വിശാലമായ പുതിയ മൾട്ടിപ്ളെക്സ് തുറന്നു. കേരളത്തിൽ ആദ്യമായി പി(എക്സ്.എൽ) ഫോർമാറ്റിൽ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സ്ക്രീനും കൊച്ചിയിലെ ഏറ്റവും വലിയ സ്ക്രീനും ഉൾപ്പെടെയുള്ള പുതിയ തിയറ്റർ സമുച്ചയം ഫോറം മാളിലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. സുഖസമൃദ്ധമായ ദൃശ്യാനുഭവം കാഴ്ചവെയ്ക്കുന്ന രണ്ട് ലക്സ് സ്ക്രീനുകളും ഇതിലുൾപ്പെടുന്നു.

ഇതോടെ കൊച്ചിയിൽ മൂന്നിടങ്ങളിലായി പിവിആർ ഐനോക്സ് സ്ക്രീനുകളുടെ എണ്ണം 22 ആയി ഉയർന്നു. കേരളത്തിലാകെ ആറിടങ്ങളിലായി 42 സ്ക്രീനുകളാണുള്ളത്. ദക്ഷിണേന്ത്യയിൽ 99 ഇടങ്ങളിലായി 558 സ്ക്രീനുകളും പ്രവർത്തിക്കുന്നു.മരടിലെ കുണ്ടന്നൂരിൽ സ്ഥിതി ചെയ്യുന്ന ഫോറം മാൾ, കൊച്ചിയിലെ ഏറ്റവും വലിയ രണ്ടാമത്തെ മാളാണ്. ഇവിടുത്തെ പിവിആർ ഐനോക്സ് മൾട്ടിപ്ലെക്സിൽ 1489 പേർക്ക് ഒരേസമയം സിനിമകൾ ആസ്വദിക്കാൻ കഴിയും. പിവിആറിന്റെ ഏറ്റവും വലിയ സ്ക്രീനിൽ സിനിമ കാണാൻ കഴിയുന്ന ഫോർമാറ്റാണ് പി(എക്സ്.എൽ) ഫോർകെ ലേസർ പ്രൊജക്ടറും ഡോൾബി അറ്റ്മോസ് ശബ്ദവിന്യാസവും കൂടിച്ചേരുന്നതോടെ അനിതരസാധാരണമായ കാഴ്ചാനുഭവമായിരിക്കും പി(എക്സ്.എൽ) സിനിമാപ്രേമികൾക്ക് സമ്മാനിക്കുക. കൂടാതെ റിയൽ ഡി 3ഡി സംവിധാനവും ദൃശ്യാനുഭവത്തിന് മിഴിവേറ്റുന്നു. മറ്റെങ്ങും കിട്ടാത്തത്രയും സൗകര്യങ്ങളോടെ സിനിമകൾ ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർക്കാണ് ലകസ് സ്ക്രീനുകൾ സജ്ജമാക്കിയിട്ടുള്ളത്. ഈ സ്ക്രീനുകൾക്കായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന കിച്ചനും സജ്ജമായിരിക്കും. വിവിധതരം ഭക്ഷണങ്ങൾ പാകം ചെയ്ത് സീറ്റുകളിൽഎത്തിച്ചു നല്കും. മറ്റ് ആറ് സ്ക്രീനുകളിലെ അവസാനനിരയിലെ സീറ്റുകൾ പ്രത്യേക റിക്ലൈനറുകളാണ്.

പിവിആർ ഐനോക്സിലെത്തുന്നവർക്ക് ഏറ്റവും മികച്ച സിനിമാനുഭവമായിരിക്കണം കിട്ടേണ്ടത് എന്ന ലക്ഷ്യത്തോടുകൂടിയാണ് പി(എക്.എൽ) ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങളോടെ കേരളത്തിലെ സാന്നിധ്യം വിപുലീകരിക്കുന്നതെന്ന് പിവിആർ ഐ നോഎക്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ അജയ് ബിജ്ലി പറഞ്ഞു. കൊച്ചിയിലെ മൂന്നാമത്തെയും കേരളത്തിലെ ആറാമത്തെയും മൾട്ടിപ്ളെക്സ് ആണ് ഫോറം മാളിൽ ആരംഭിക്കുന്നത്.

പ്രേക്ഷകരുടെ ആവശ്യങ്ങൾ കേട്ടറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ നീക്കമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ എല്ലാ ഭാഗത്തും ലോകോത്തര നിലവാരമുള്ള സിനിമാപ്രദർശനം ഒരുക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ദക്ഷിണേന്ത്യയിൽ സിനിമകൾ കാണുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. എന്നാൽ രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ആവശ്യത്തിന് മൾട്ടിപ്ളെക്സുകൾ ഈ മേഖലയിലില്ല.

വിപണി വികസിപ്പിക്കാനുള്ള ഒരു സുവർണാവസരമാണിതെന്ന് പിവിആർ ഐനോക്സ് എക്സിക്യൂട്ടീവ് ഡയറക്ടർ സഞ്ജീവ് കുമാർ ബിജ്ലി പറഞ്ഞു. സിനിമയെ ആവേശത്തോടെ ഏറ്റെടുക്കുന്ന ഇവിടുത്തെ ജനങ്ങൾക്ക് അതാസ്വദിക്കുന്നതിനുള്ള വേദികൾ ഒരുക്കിനൽകി കമ്പനിയുടെ വളർച്ചയ്ക്ക് വേഗം കൂട്ടും. ലേസർ പ്രൊജക്ഷൻ ഉൾപ്പെടെ കൊച്ചിയിലെ ഏറ്റവും വലിയ സ്ക്രീൻ ഒരുക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ ഭാഗവത സപ്താഹയജ്ഞം

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 14 മുതൽ 21 വരെ നടക്കും. ബ്രഹ്മശ്രീ ശ്രീകണ്ഠേശ്വരം സോമവാര്യരാണ് യജ്ഞാചാര്യൻ. യജ്ഞശാലയിൽ പ്രതിഷ്ഠിക്കാനുള്ള വിഗ്രഹം 14 നു വൈകിട്ട് അഞ്ച് മണിക്ക് ചിറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രസന്നിധിയിൽ നിന്ന് പുറപ്പെട്ട് രാത്രി ഏഴു മണിക്ക് ക്ഷേത്രത്തിലെത്തും. ദീപാരാധനയ്ക്ക് ശേഷം ആചാര്യവരണവും ഉദ്ഘാടനവും നടക്കും. തുടർന്ന് ഭഗവതമാഹാത്മ്യ പ്രഭാഷണം. എസ് എൻ ഡി സമാജം പ്രസിഡന്റ് സി.എം ശോഭനൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അഡ്വ. ടി.എം രാമൻ കർത്താ ഉദ്ഘാടനം നിർവഹിക്കും. കെ.ജി ശ്രീനിവാസൻ തന്ത്രി വിഗ്രഹ പ്രതിഷ്ഠ നിർവഹിക്കും. ക്ഷേത്രം മേൽശാന്തി പി.എ സുധി ഭദ്രദീപ പ്രകാശനവും നാണയപ്പറ സമർപ്പണം പി.കെ സുഭജയും നിർവഹിക്കും. ദേവസ്വം സെക്രട്ടറി പി.ഐ രാജീവ് സ്വാഗതവും ദേവസ്വം മാനേജർ ഇ. രാജീവൻ നന്ദിയും പറയും. യജ്ഞശാലയിൽ എല്ലാ ദിവസവും രാവിലെ ആറിന് സഹസ്രനാമവും അർച്ചനയും നടക്കും. തുടർന്ന് അരമണിക്കൂർ ഇടവിട്ട് പാരായണവും പ്രഭാഷണവും നടക്കും. രാവിലെ എട്ടര മുതൽ പ്രഭാത ഭക്ഷണം, ഉച്ചയ്ക്ക് 12.45 മുതൽ പ്രസാദഊട്ട്. എല്ലാ ദിവസവും ഉച്ചയ്ക്ക് 12.45 മുതൽ 1.45 വരെ നാരായണീയ പാരായണം.ആദ്യദിനമായ 15 ന് വരാഹാവതാരം. 16 ന് ഉച്ചയ്ക്ക് അഷ്ടപദി, വൈകിട്ട് അഞ്ചരയ്ക്ക് വിദ്യാഗോപാല മന്ത്രാർച്ചന, 19 ന് ഉച്ചയ്ക്ക് 12 മണിക്ക് ഉണ്ണിയൂട്ട്. വൈകിട്ട് ആറിന് രുക്മിണീ സ്വയംവരം. അവസാനദിനമായ 21 ന് രാവിലെ 9 ന് സ്വധാമപ്രാപ്തി, 11 ന് ഭാഗവത സംഗ്രഹം തുടർന്ന് മഹാപ്രസാദ ഊട്ട്.




# അന്താരാഷ്ട്ര ബർഗർ ഫെസ്റ്റുമായി കെഎഫ്സി

**കൊച്ചി:** ഇൻറർനാഷണൽ ബർഗർ ഫെസ്റ്റിന്റെ ഭാഗമായി കെ.എഫ്.സി. സിങ്ങ്ഗർ ബർഗർ ശ്രേണിയിൽ 179/ രൂപയിൽ ആരംഭിക്കുന്ന 5 വ്യത്യസ്ത സിങ്ങ്ഗർ ബർഗറുകൾ അവതരിപ്പിക്കുന്നു.അമേരിക്കൻ ക്ലാസിക് സിങ്ങ്ഗർ, കരീബിയൻ സ്പൈസി സിങ്ങ്ഗർ, മെക്സിക്കൻ സിങ്ങ്ഗർ പ്രോ, ഇന്ത്യൻ തന്തൂരി സിങ്ങ്ഗർ, പുതിയ പനീർ സിങ്ങ്ഗർ ഈ അഞ്ച് വ്യത്യസ്ത സിങ്ങർ ബർഗറുകൾ കെ. എഫ്. സി. ഇന്റർനാഷണൽ ബർഗർ ഫെസ്റ്റ് ന്റെ സവിശേഷത ആണ്

# ലോക്സഭ തെരഞ്ഞെടുപ്പ്; ചെലവ് രജിസ്റ്റർ പരിശോധന ഏപ്രിൽ 12 മുതൽ

**തിരുവനന്തപുരം:** ലോക്സഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികളുടെ ചെലവ് സംബന്ധിച്ച രജിസ്റ്ററുകൾ ഏപ്രിൽ 12, 18, 23 തിയതികളിൽ ചെലവ് നിരീക്ഷകൻ പരിശോധിക്കും. കളക്ടറേറ്റ് റൗണ്ട് കോൺഫറൻസ് ഹാളിൽ അതത് ദിവസങ്ങളിൽ രാവിലെ 10 ന് ആരംഭിക്കുന്ന പരിശോധനക്ക് സ്ഥാനാർത്ഥി / അംഗീകൃത ഏജന്റുമാർ നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പൂർണ്ണമായും പൂരിപ്പിച്ച് അനുബന്ധ രേഖകൾ, വൗച്ചറുകൾ, ബില്ല് എന്നിവയുമായി എത്തണമെന്ന് ചെലവ് വിഭാഗം നോഡൽ ഓഫീസർ ആർ.സാബു അറിയിച്ചു.

# ലോക്സഭാ തിരഞ്ഞെടുപ്പ്: തത്സമയ നിരീക്ഷണത്തിന് രണ്ടായിരത്തിലധികം ക്യാമറകൾ

**തിരുവനന്തപുരം:** ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വിപുലമായ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തുടനീളം 2122 ക്യാമറകൾ ഉപയോഗിച്ച് തത്സമയ നിരീക്ഷണം നടത്തിവരുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലും ജില്ലകളിലും സജ്ജമാക്കിയിട്ടുള്ള കൺട്രോൾ റൂമുകളിൽ ദൃശ്യങ്ങൾ നിരന്തരം നിരീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള ദൃശ്യങ്ങൾ, പെരുമാറ്റച്ചട്ട ലംഘനം കണ്ടെത്തുന്നതിനുള്ള ഫ്ലയിംഗ് സ്ക്വാഡുകൾ, സ്റ്റാറ്റിക് സർവ്വെയിലൻസ് ടീം എന്നിവയുടെ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ തുടങ്ങി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രധാന പ്രവർത്തനങ്ങളെല്ലാം തത്സമയം നിരീക്ഷിക്കുന്നുണ്ട്.

20 ലോക്സഭാ മണ്ഡലങ്ങളിലെ ആർ.ഒമാരുടെ കീഴിൽ സജ്ജമാക്കിയിട്ടുള്ള കൺട്രോൾ റൂമുകളിലും ദൃശ്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കേന്ദ്രങ്ങളിൽ 391 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. നാമനിർദേശ പത്രിക സമർപ്പിക്കുന്ന കാലയളവിൽ എല്ലാ വരണാധികാരികളുടെയും ഓഫീസുകളുമായി ബന്ധപ്പെടുത്തി 187 ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയിരുന്നു.

അവശ്യ സർവ്വീസ് വിഭാഗത്തിലുള്ളവർക്കും ഉദ്യോഗസ്ഥർക്കുമായി പോസ്റ്റൽ വോട്ടിംഗ് സൌകര്യം ഒരുക്കുന്ന കേന്ദ്രങ്ങളിൽ തത്സമയ നിരീക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്. പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രങ്ങളിലും പോളിംഗ് ദിവസം ബൂത്തുകളിലും ക്യാമറകൾ സ്ഥാപിച്ച് തത്സമയ നിരീക്ഷണം നടത്തും.

സ്ട്രോംഗ് റൂമുകളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ഇതേ രീതിയിൽ നിരീക്ഷണ സംവിധാനം ഒരുക്കും.

സുതാര്യവും സുരക്ഷിതവുമായി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങളുടെ ഭാഗമായാണ് തത്സമയ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കിയതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

# എൻസിഡിയിലൂടെ 360 കോടി രൂപ സമാഹരിക്കാൻ മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** 137 വർഷം പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ (ബ്ലൂ മുത്തൂറ്റ്) മുൻനിര കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് 163മത് ട്രാഞ്ച് നാലാം സീരീസ് പ്രഖ്യാപിച്ചു. ഓഹരിയാക്കി മാറ്റാനാകാത്ത കടപത്രങ്ങളിലൂടെ 360 കോടി രൂപയാണ് സമാഹിക്കുന്നത്.

360 കോടി രൂപ വരെയുള്ള ഇഷ്യുവിൽ ഗ്രീൻ ഷൂ ഓപ്ഷൻ 260 കോടി രൂപയ്ക്കൊപ്പം ഇതിൽ നാലാമത്തെ ട്രാഞ്ചിൽ 100 കോടിയാണ് സമാഹരിക്കുന്നത്. 1100 കോടി രൂപയാണ് പരിധി. 1000 രൂപയാണ് മുഖവില. ഏപ്രിൽ 10 മുതൽ 25 വരെ പൊതുജനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഡയറക്ടർ ബോർഡ് അല്ലെങ്കിൽ കമ്പനി രൂപകരിച്ച കമ്മിയുടെ അംഗീകാരത്തോടെ നേരത്തെ ക്ലോസ് ചെയ്യാനും കഴിയും.കടപത്രങ്ങൾ 26 മാസം, 38 മാസം, 60 മാസം, 72 മാസം, 94 മാസം എന്നിങ്ങനെ വിവിധ സ്കീമുകളിലൂടെ പ്രതിമാസ, വാർഷിക, നിക്ഷേപ രീതികൾ തിരഞ്ഞെടുക്കാവുന്നതാണ്. കൂടാതെ 13 വ്യത്യസ്ത ഓപ്ഷനുകളിൽ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാം. 8.90 ശതമാനം മുതൽ 10 ശതമാനം വരെയാണ് എൻസിഡി വാഗ്ദാനം ചെയ്യുന്ന വാർഷിക പലിശ. ക്രിസിൽ എഎ/സ്റ്റേബിൾ റേറ്റിങ്ങാൻ എൻസിഡിക്കുള്ളത്. ഇത് ബിഎസ്ഇയുടെ ഡെറ്റ് മാർക്കറ്റ് സെഗ്മെൻറിൽ ലിസ്റ്റ് ചെയ്യും. എൻസിഡിയിലൂടെ ലഭിക്കുന്ന തുക കമ്പനിയുടെ നിലവിലുള്ള വായ്പകളുടെ പലിശയും പ്രിൻസിപ്പലും വായ്പയും, ധനസഹായവും, തിരിച്ചടവ്/മുൻകൂറായി അടയ്ക്കൽ എന്നിവയ്ക്കും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിക്കും.തങ്ങളുടെ മുൻ സീരീസിന് നല്ല പ്രതികരണം ലഭിച്ചു, ഈ ധനസമാഹരണത്തിലും മികച്ച പ്രതികരണം പ്രതീക്ഷിക്കുന്നു. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിൻറെ 3600ൽ പരം ശാഖകൾ വഴിയോ മൊബൈൽ ആപ്പായ മുത്തൂറ്റ് ഫിൻകോർപ്പ് വൺ വഴിയോ (5 ലക്ഷം രൂപ വരെ) നിക്ഷേപിക്കാം. ഒന്നിലധികം കാലാവധി ഓപ്ഷനുകളും ഉപയോഗിച്ച് തങ്ങളുടെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപ പോർട്ട്ഫോളിയോ വൈവിധ്യവത്കരിക്കുന്നതിന് അനുയോജ്യമായ ഒരു വഴി നൽകുന്നതിൽ തങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നവെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.



# വരൾച്ച രൂക്ഷം; കാർഷിക വിളകൾ കരിഞ്ഞുണങ്ങുന്നു

**പുൽപ്പള്ളി:** കടുത്ത ചൂടിൽ ചണ്ണോത്തുകൊല്ലിയിൽ കമുകുകൾ കരിഞ്ഞുണങ്ങി. കേരള കർണാടക അതിർത്തിയോട് ചേർന്ന ചാമപ്പാറ വണ്ടിക്കടവ്, മാടപ്പള്ളിക്കുന്ന്, കുന്നത്തുകവല പ്രദേശങ്ങളിലാണ് വ്യാപകമായി കുമുകുകൾ കരിഞ്ഞുണങ്ങിയത്. തനിവിളയായി കൃഷിചെയ്ത കമുക് തോട്ടങ്ങളാണ് വ്യാപകമായി കരിഞ്ഞുണങ്ങുന്നത്.

ജലസേചന സൗകര്യം ഉപയോഗിച്ച് നനച്ചിരുന്ന തോട്ടങ്ങളിൽ കിണറുകളും കുളങ്ങളും വറ്റിവരണ്ടതോടെ ജലസേചനം മുടങ്ങിയതാണ് കൃഷികൾ വ്യാപകമായി കരിഞ്ഞുണങ്ങാൻ കാരണം. കന്നാരംപുഴ ഉൾപ്പെടെ വറ്റിവരണ്ടതും ഉണക്ക് വർധിക്കാൻ കാരണമായി.

അഞ്ചും ആറും വർഷം പ്രായമായ കമുകാണ് കനത്ത ചൂടിൽ വാടിക്കരിയുന്നത്. മേഖലയിൽ മാത്രം മൂവായിരത്തോളം കമുകുകൾ ഇതിനകം കരിഞ്ഞുണങ്ങി. ഇതിന് പുറമേ കുരുമുളക്, കാപ്പി, ഏലം തുടങ്ങിയ കൃഷികളും വ്യാപകമായി നശിച്ചു.

മുൻകാലങ്ങളിൽ കർഷകർ കന്നാരംപുഴയിൽനിന്നും മറ്റും വെള്ളം ശേഖരിച്ചായിരുന്നു കൃഷിയിടങ്ങളിൽ ജലസേചനം നടത്തിയിരുന്നത്. കന്നാരംപുഴ നേരത്തെ വറ്റിവരണ്ടതോടെ ചെക്ഡാമുകളിൽ ഉൾപ്പെടെ വെള്ളമില്ലാതെ വന്നതാണ് ഉണക്ക് വർധിക്കാൻ കാരണം.

കർണാടകയിൽനിന്നുള്ള ചൂടുകാറ്റാണ് കൃഷികൾ വ്യാപകമായി കരിഞ്ഞുണങ്ങാൻ കാരണം. വരും ദിവസങ്ങളിൽ മഴ ലഭിച്ചില്ലെങ്കിൽ മേഖലയിലെ കൃഷികൾ പൂർണമായി കരിഞ്ഞുണങ്ങുമെന്നാണ് കർഷകർ പറയുന്നത്. ബാങ്കുകളിൽ നിന്നും മറ്റും വായ്പയെടുത്താണ് ഭൂരിഭാഗം കർഷകരും കൃഷി ചെയ്തത്.

കൃഷികൾ പൂർണമായി നശിച്ചതോടെ എന്ത് ചെയ്യുമെന്നറിയാത്ത അവസ്ഥയിലാണ് കർഷകർ. കൃഷിനാശമുണ്ടായ മേഖല സന്ദർശിക്കാൻ ജില്ലാ ഭരണകൂടം തയാറാവണമെന്നും കൃഷി നശിച്ചവർക്ക് അടിയന്തര സഹായം നൽകാൻ തയ്യാറാകണമെന്നുമാണ് കർഷകരുടെ ആവശ്യം.



# സാൻറാ മോണിക്ക സ്റ്റഡി എബ്രോഡിൻറെ വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫെസ്റ്റ് 13ന്

**തിരുവനന്തപുരം:** സാൻറാ മോണിക്ക സ്റ്റഡി എബ്രോഡ് സംഘടിപ്പിക്കുന്ന മെഗാ മില്യൺസ് വിദേശ വിദ്യാഭ്യാസ സ് കോളർഷിപ്പ് ഫെസ്റ്റ് തിരുവനന്തപുരം തൈക്കാട് സി.വി. രാമൻപിള്ള റോഡിലുള്ള ഹയാത് റീജൻസിയിൽ 13 ന് രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ നടക്കും. കാനഡ, യുകെ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യുഎസ്എ, അയർലൻഡ്, സ്വീഡൻ, ജർമനി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഫിൻലൻഡ്, മാൾട്ട, ലാത്വിയ, സിംഗപ്പൂർ, മലേഷ്യ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി മുൻനിര വിദേശ സർവകലാശാലകളും കോളജുകളും ഫെസ്റ്റിൽ നേരിട്ടെത്തും.

വിദേശത്ത് ഉപരിപഠനത്തിനായി തയാറെടുക്കുന്നവർക്ക് മാത്രമല്ല പ്ലസ്ടു, ഡിഗ്രി അവസാന വർഷ വിദ്യാർഥികൾക്കും ഈ 'വിദേശ സ്കോളർഷിപ്പ് ഉത്സവ'ത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾക്ക് സൗജന്യമായി അപേക്ഷ ഫോം നൽകാനും, സ്പോട്ട് പ്രൊഫൈൽ അസസ്സ്മെൻറ് നടത്താനും, ഫാസ്റ്റ് ട്രാക്ക് അപേക്ഷ സമർപ്പിക്കാനും ഫെസ്റ്റിൽ സാധിക്കും. ഓരോ രാജ്യത്തെയും സാധ്യതകൾ ചോദിച്ചറിഞ്ഞ് അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കാം.

ഡോക്ടർമാർക്കും ഡെൻറിസ്റ്റുകൾക്കുമുള്ള കോഴ്സുകൾക്കായുള്ള പ്രത്യേക ഡെസ്കും, നഴ്സിംഗ് പഠനം, വർക്ക് പെർമിറ്റിനായുള്ള ഡെസ്കും സജ്ജീകരിച്ചിരിക്കുന്നു. വിദേശ വിദ്യാഭ്യാസ ലോൺ സേവനങ്ങൾക്കായി പ്രമുഖ ബാങ്കുകളുടെ കൗണ്ടറുകളും ഉണ്ടായിരിക്കും. കൂടാതെ വിവിധ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ, സ്റ്റഡി വിസയുടെ ലഭ്യത, പാർട്ട് ടൈം തൊഴിലവസരങ്ങൾ, രാജ്യങ്ങളുടെ നയങ്ങളിൽ വന്ന മാറ്റങ്ങൾ! ഇവയെല്ലാം മനസിലാക്കാനുള്ള അവസരം കൂടിയാണ് സാൻറാ മോണിക്ക ഒരുക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഡെന്നി തോമസ് വട്ടക്കുന്നേൽ പറഞ്ഞു.

ഫെസ്റ്റിലേക്ക് പ്രവേശനം സൗജന്യമാണ്. www.santamonicaedu.in എന്ന വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മെയിൽ വഴി ലഭിക്കുന്ന എൻട്രി പാസ് ഉപയോഗിച്ച് പ്രവേശനം നേടാം. ഇതിനു പുറമെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484 4150999, 9645222999 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.



# പിആർഎസ് തുക ലഭിക്കാൻ നെൽകർഷകരുടെ കാത്തിരിപ്പ് നീളുന്നു

**ചങ്ങനാശേരി:** പിആർഎസ് തുക ലഭിക്കാൻ കർഷകർ എസ്ബിഐയിൽ കയറിയിറങ്ങുന്നു. നെല്ലിന്റെ വില ലഭിക്കാൻ കർഷകരുടെ കാത്തിരിപ്പ് നീളുന്നു. പണയംവച്ചും കടംവാങ്ങിയും കൃഷിയിറക്കിയ കർഷകർ കൂടുതൽ പ്രതിസന്ധിയിലേക്ക്.

നെല്ലുസംഭരണവുമായി ബന്ധപ്പെട്ടുള്ള കൺസോർഷ്യത്തിൽ ഉടമ്പടി വച്ചിട്ടുള്ള ബാങ്കാണ് എസ്ബിഐ എങ്കിലും നെല്ല് വിറ്റ് ഒന്നരമാസം പിന്നിട്ടശേഷവും ബാങ്കിൽ നിന്നും പണം ലഭിക്കുന്നില്ലെന്നാണ് പരാതി ഉയർന്നിരിക്കുന്നത്.

കുട്ടനാട്ടിൽ ഫെബ്രുവരി അവസാനത്തോടെയും അപ്പർകുട്ടനാട്ടിൽ മാർച്ച് ആദ്യദിനങ്ങളിലും കൊയ്ത സംഭരണം നടത്തുകയും പിആർഎസ് കൈപ്പറ്റുകയും ചെയ്തിട്ടുള്ള കർഷകരാണ് എസ്ബിഐയുടെ വിവിധ ശാഖകളിൽ കയറിയിറങ്ങുന്നത്.

മാർച്ച് നാലിന് ആഘോഷത്തോടെ കൊയ്ത്തുത്സവം നടത്തി ആറിന് മില്ലുകാർ നെല്ലെടുത്ത് അതേ മാസം 13ന് പിആർഎസ് എഴുതി വാങ്ങിയ വാഴപ്പള്ളി കൃഷിഭവന്റെ കീഴിലുള്ള ഈരത്ര ഇഞ്ചൻതുരുത്ത് പാടശേഖരത്തിലെ നെല്ലിന്റെ വില ഇതുവരേയും ലഭിച്ചില്ലെന്നതാണ് ഉദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത്. നിരവധി കർഷകരുടെ പിആർഎസ് കൈപ്പറ്റാനും എസ്ബിഐ അധികൃതർ തയാറാകുന്നില്ല.



മാർച്ച് 31 വരെയുള്ള നെല്ലുശേഖരണത്തിന്റെ അലോട്ട്മെന്റ് കോട്ടയം പാഡി ഓഫീസിൽനിന്നു ബാങ്കുകൾക്ക് അയച്ചിട്ടുണ്ടെന്നാണ് പാഡി അധികൃതർ കർഷകർക്ക് നൽകുന്ന മറുപടി. എന്നാൽ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നു അനുമതി പത്രം ലഭിച്ചിട്ടില്ലെന്നാണ് ബാങ്കിലെത്തുന്ന കർഷകരോട് എസ്ബിഐ അധികൃതർ വ്യക്തമാക്കുന്നത്.

ഞങ്ങൾ നിസഹായരാണെന്നും സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് അനുമതി പത്രം ലഭിച്ചിട്ടില്ലെന്നുമാണ് കോട്ടയം, ആലപ്പുഴ ജില്ലകളിലെ എസ്ബിഐ റീജണൽ ഓഫീസുകളിലെത്തിയ നെൽ കർഷക സംരക്ഷണ സമിതി ഭാരവാഹികൾക്ക് ലഭിച്ച മറുപടി.

സിവിൽ സപ്ലൈസ് അധികൃതരുടെ നിർദേശപ്രകാരം എസ്ബിഐ ബാങ്കുകളിൽ അക്കൗണ്ട് എടുത്ത കർഷകരാണ് നെല്ലിന്റെ വിലയ്ക്കായി കാത്തിരിപ്പുതുടരുന്നത്.

കഴിഞ്ഞവർഷം കൺസോർഷ്യത്തിൽ ഏർപ്പെട്ടിരുന്ന 12 ബാങ്കുകളിലെ ഇടപാടുകൾ നിർത്തിയാണ് നിരവധികർഷകർ എസ്ബിഐയിലും കനറബാങ്കിലും അക്കൗണ്ടുകൾ എടുത്തത്.

എന്നാൽ കൺസോർഷ്യത്തിൽ ഏർപ്പെട്ടിരിക്കുന്ന കനറ ബാങ്കിൽ നിന്നു കൃത്യമായി പിആർഎസ് തുക ലഭിക്കുന്നുണ്ടെന്നു കർഷകർ ചൂണ്ടിക്കാട്ടി.

സിവിൽ സപ്ലൈസ് വകുപ്പിന്റെ കള്ളക്കളിക്കെതിരേ റോഡ് ഉപരോധം ഉൾപ്പെടെയുള്ള സമരപരിപാടികൾ ആവിഷ്കരിക്കാനാണ് കർഷകരുടെ തീരുമാനം.



# മുഖം മിനുക്കി ചങ്ങമ്പുഴ പാർക്ക്

**കൊച്ചി:** നഗരത്തിലെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളിലൊന്നായ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിന്റെ പുനരുദ്ധാരണം അവസാനഘട്ടത്തിൽ. മനോഹരമായ നടപ്പാതയും ആധുനിക ലൈറ്റുകളും ആംഫി തീയറ്ററും കുട്ടികൾക്കുള്ള പാർക്കുമൊക്കെയായി നവീകരിച്ച ചങ്ങമ്പുഴ പാർക്ക് ജൂണോടെ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാണ് ശ്രമം.

കൊച്ചി സ്മാർട് മിഷൻ ലിമിറ്റഡിന്റെ ധനസഹായത്തോടെ നാലു കോടി ചെലവിലാണ് പാർക്ക് നവീകരിക്കുന്നത്. നടപ്പാതയുടെ നിർമാണം പൂർത്തിയായി. മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള കാനയുടെ പണികളും പൂർത്തിയായി. ഓഫീസ് കെട്ടിടത്തിനു മുന്നിൽ ഗാലറിയുടെ നിർമാണവും പൂർത്തിയായിട്ടുണ്ട്.

പുതുതായി നിർമിക്കുന്ന ആംഫി തീയറ്ററിന്റെ മേൽക്കൂര സ്ഥാപിക്കുന്ന പണികൾ ചെയ്യാനുണ്ട്. ഓഫീസ് കെട്ടിടത്തിന്റെ നവീകരണവും കുട്ടികളുടെ പാർക്കിന്റെ നിർമാണവും ഇനി നടക്കാനുണ്ട്. ഏറ്റവും ഒടുവിലാകും ചുറ്റുമതിലിന്റെ നിർമാണം.

പൂർണമായും സൗരോർജ സംവിധാനത്തിലാകും പാർക്കിന്റെ പ്രവർത്തനം. മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സാണ് നവീകരണ പ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കിയത്.

റോഡ് നിരപ്പിനേക്കാൾ ഭൂമി ഉയർത്തി കൂടുതൽ കാണികൾക്ക് സൗകര്യപ്രദമായ വിധം ഇരുന്ന് കലാപ്രകടനങ്ങൾ ആസ്വദിക്കാൻ കഴിയും വിധമാണ് നവീകരണം. അതേസമയം നിലവിലുള്ള ഓപ്പൺ ഓഡിറ്റോറിയം അതേപടി നിലനിർത്തും.

കഴിഞ്ഞ ജൂലൈയിലാണ് പാർക്കിന്റെ നവീകരണ പദ്ധതി ജിസിഡിഎ പ്രഖ്യാപിച്ചത്. ഈ വർഷം മാർച്ചോടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ടെണ്ടർ നടപടികളിലുണ്ടായ തടസങ്ങൾ വൈകാനിടയാക്കി. ആദ്യം ടെൻഡറിൽ പങ്കെടുത്ത ഏക കമ്പനിയുടെ പ്രധാന ആവശ്യം നിർമാണം നടക്കുന്ന ആറു മാസത്തേക്ക് പാർക്ക് അടച്ചിടണം എന്നതായിരുന്നു.

ചങ്ങമ്പുഴ പാർക്ക് ഭരണ സമിതിക്കും ഇതിനോട് താൽപ്പര്യം ഉണ്ടായിരുന്നില്ല. ജിസിഡിഎയും കരാറുകാരന്റെ ആവശ്യം അംഗീകരിച്ചില്ല. രണ്ടാമത് ടെൻഡർ ക്ഷണിച്ചപ്പോൾ പങ്കെടുത്ത കമ്പനി വൻതുക പ്രതിഫലം ആവശ്യപ്പെട്ടു. അങ്ങനെ അതും ഒഴിവാക്കി. പിന്നീട് മൂന്നാമത് വിളിച്ചാണ് നിർമാണ കരാർ നൽകിയത്.

# ശുചിമുറി മാലിന്യ നീക്കം; നഗരസഭയ്ക്ക് ലാഭം 65 ലക്ഷം

**കൊച്ചി:** ശുചിമുറി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രതിഫലം ഈടാക്കിയ വകയിൽ കൊച്ചി കോർപറേഷന് 65 ലക്ഷം വരുമാനം. ഒമ്പതു മാസത്തിനിടെ ഡിജിറ്റൽ ആപ്പ് വഴി ബുക്ക് ചെയ്യുന്നതിലൂടെ കിട്ടിയ വരുമാന ക്കണക്കാണിത്.

തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള ഏജൻസിവഴിയാണ് ഇപ്പോൾ ബുക്കിംഗ് സ്വീകരിച്ച് മാലിന്യ ശേഖരണം ക്രമീകരിക്കുന്നത്. വരുമാന സാധ്യത തിരിച്ചറിഞ്ഞതോടെ ഏജൻസിയെ ഒഴിവാക്കി ജൂണോടെ നേരിട്ട് നടത്താനുള്ള നീക്കത്തിലാണ് കോർപറേഷൻ.

'കൊച്ചി വൺ' എന്ന ആപ്പ് വഴിയാണ് ബുക്ക് ചെയ്യുന്നത്. ശുചിമുറി മാലിന്യം നീക്കം ചെയ്യണമെങ്കിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ ആപ്പിലൂടെയാണ് ലോറികൾ ബുക്ക് ചെയ്യാം. 40 പേർക്കാണ് ഒരു ദിവസം ആപ്പിലൂടെ ബുക്കിംഗ് ലഭിക്കുക. ആപ്പിലൂടെ തന്നെ പണമടയ്ക്കാനും സാധിക്കും. ഈ ഇനത്തിൽ മാത്രം നഗരസഭയുടെ അക്കൗണ്ടിലേക്ക് ആകെ വന്നത് 4.16കോടിയാണ്. ഇതിൽ കഴിഞ്ഞ ഒൻപത് മാസത്തിനിടെ 65 ലക്ഷവും എത്തി.



ആറു ജീവനക്കാർ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങൾ എല്ലാം നിയന്ത്രിക്കുന്നത് തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള ഈ ഏജൻസിയാണ്. മാസം ഇരുപതിനായിരം രൂപ ഒരു ജീവനക്കാരന് എന്ന നിലയിൽ 12 പേർക്കുള്ള ശമ്പളം മാത്രമാണ് നഗരസഭ നൽകുന്നത്. അതേ സമയം കൊച്ചി നഗരത്തിലും ചുറ്റുമുള്ള നഗരസഭകളിലുമായി ശേഖരിക്കുന്ന ശുചിമുറി മാലിന്യം സംസ്കരിക്കപ്പെടുന്നതിൽ വ്യക്തതയില്ല. ഒരു ദിവസം 200 ഓളം ലോഡ് സെപ്റ്റേജ് മാലിന്യം ശേഖരിക്കപ്പെടുന്നതായി നഗരസഭ തന്നെ വെളിപ്പെടുത്തുമ്പോൾ നഗരത്തിൽ ആകെയുള്ളത് രണ്ട് പ്ലാന്റുകളിൽ 40 ലോഡ് മാലിന്യം മാത്രമേ സംസ്കരിക്കപ്പെടുന്നുള്ളൂ. ശേഷിക്കുന്ന 160 ലോഡ് സെപ്റ്റേജ് മാലിന്യം എവിടെ നിക്ഷേപിക്കുന്നുവെന്നും എന്തുചെയ്യുന്നുവെന്നും വ്യക്തതയില്ല. നഗരത്തിലും സമീപത്തുമായി ആകെയുള്ള രണ്ട് സ്പെറ്റേജ് പ്ലാന്റും കൊച്ചി കോർപറേഷന്റെ കീഴിലുള്ളതാണ്. ഒരെണ്ണം വെല്ലിംഗ്ടൺ ഐലൻഡിലും മറ്റൊന്ന് ബ്രഹ്മപുരത്തും. കൊച്ചി കോർപറേഷന് പുറമേ കളമശേരി, തൃക്കാക്കര, ഏലൂർ, തൃപ്പൂണിത്തുറ, മരട് മുനിസിപ്പിലിറ്റികളിലെ കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള ഏക സംവിധാനവും ഈ രണ്ട് പ്ലാന്റുകളാണ്. 200 ലോഡ് സെപറ്റേജ് മാലിന്യം ഇവിടുന്നെല്ലാമായി ദിനംപ്രതി ശേഖരിക്കപ്പെടുന്നുണ്ടെന്നാണ് കണക്ക്. പക്ഷെ സംസ്കരിക്കപ്പെടാൻ കഴിയുന്നത് 40 ടൺ മാലിന്യം മാത്രമാണ്. ബ്രഹ്മപുരത്ത് രണ്ട് എംഎൽഡി സെപ്റ്റേജ് പ്ലാന്റിന് അമൃത് പദ്ധതി വഴി അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും നിർമാണം ആരംഭിക്കാനായിട്ടില്ല. നിലവിൽ പുഴകളിലും പൊതുസ്ഥലങ്ങളിലും സെപ്റ്റേജ് മാലിന്യം തള്ളുന്നവർക്കെതിരെ പിഴ ഈടക്കി വിടുക മാത്രമാണ് ചെയ്യുന്നത്. ലക്ഷക്കണക്കിന് രൂപ ഈ ഇനത്തിലും നഗരസഭയിൽ വന്നു ചേരുന്നുണ്ട്.

# വിലയിടിവ്; ടൺകണക്കിന് പടവലങ്ങ നശിക്കുന്നു

**ആലേങ്ങാട്:** വിലയിടിവും ഏറ്റെടുക്കാൻ ആളില്ലാത്തതു മൂലം തൃക്കൂർ ആലേങ്ങാട് മുന്നുടൺ പടവലങ്ങ തോട്ടത്തിൽകിടന്നു നശിക്കുന്നു.



ആലേങ്ങാട് ഏഴേക്കർ സ്ഥലത്ത് കൃഷിചെയ്ത പടവലമാണ് പാടത്ത് പൊട്ടിച്ചു കൂട്ടിയിരിക്കുന്നത്. വിഷുവിപണി കണക്കാക്കി ഭരത സ്വദേശി സതീശനും കൂട്ടുകാരുംചെയ്ത കൃഷിയിൽ ഏറ്റവും വിലയിടിവ് പടവലത്തിനാണ്. കിലോഗ്രാമിന് ഏഴുരൂപയിൽ താഴെമാത്രമാണ് ഇപ്പോൾ വില. ഈ വിലയ്ക്ക് മാർക്കറ്റിൽ എത്തിച്ചാൽ വൻനഷ്ടമാണ് കർഷകർക്ക് സംഭവിക്കുക. വാഹനവാടകയും മറ്റു ചെലവുകളും കണക്കാക്കിയാൽ കൃഷി നഷ്ടക്കച്ചവടമാണെന്ന് കർഷകർ പറയുന്നു.

പാകമായ പടവലം തോട്ടത്തിൽ നിർത്തിയാൽ ചീഞ്ഞുപോകാനിടയുള്ളതിനാൽ പൊട്ടിച്ചുകൂട്ടുക മാത്രമേ മാർഗമുള്ളൂ. ഇങ്ങനെ പൊട്ടിച്ച പടവലം ചാക്കുകളിലാക്കി പാടത്തുതന്നെ കൂട്ടിയിരിക്കുകയാണ്. തോട്ടത്തിൽ നേരിട്ടെത്തുന്ന ആവശ്യക്കാർക്ക് പടവലം വിൽക്കുന്നുണ്ടെങ്കിലും പൊട്ടിച്ചതിൽ ഏറിയ ഭാഗവും നശിച്ചുപോകുമെന്ന ആശങ്കയിലാണ് കർഷകർ.

വെള്ളരിയും കുമ്പളവും കൃഷിചെയ്തിട്ടുണ്ടെങ്കിലും പടവലത്തിനു മാത്രമാണ് ഈ ദുർഗതി. മറ്റുമാർഗമില്ലാതെ 50 60 കിലോഗ്രാം വരുന്ന ചാക്കിന് 500 രൂപ നിരക്കിൽ പാടത്തുതന്നെ വില്പന നടത്തി ഒഴിവാക്കുകയാണ് ഈ കർഷകർ. ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ മൊത്തമായി ഏറ്റെടുക്കുകയോ വാങ്ങുകയോ ചെയ്യാൻ ആരെങ്കിലും തയാറായില്ലെങ്കിൽ ഇവിടത്തെ കർഷകർക്ക് ഈ വിഷുക്കാലം ദുരിതത്തിന്റേതാകും.

# ഒരു കട്ടിൽ ഒരു മുറി; ഏപ്രിൽ 27ന്




കിസ്മത്ത്, തൊട്ടപ്പൻ എന്നീ ചിത്രങ്ങൾക്ക് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന 'ഒരു കട്ടിൽ ഒരു മുറി' ഏപ്രിൽ ഇരുപത്തിയേഴിന് പ്രദർശനത്തിനെത്തുന്നു. രഘുനാഥ് പലേരിയുടെ തിരക്കഥയിൽ ഒരുങ്ങുന്ന ഈ സിനിമയിൽ ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത് എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ സപ്ത തരംഗ് ക്രിയേഷൻസ് ,സമീർ ചെമ്പയിൽ, രഘുനാഥ് പാലേരി എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.രഘുനാഥ് പലേരിയും അൻവർ അലിയും ചേർന്നാണ് ഗാനങ്ങൾ എഴുതിയിരിക്കുന്നത്. ഛായാഗ്രഹണം എൽദോസ് ജോർജ്, എഡിറ്റിങ്മനോജ് സി. എസ്. , കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ്അമൽ കുമാർ, സംഗീത സംവിധാനംഅങ്കിത് മേനോൻ, വർക്കി,ആലാപനം രവി .ജി ,നാരായണി ഗോപൻ പശ്ചാത്തല സംഗീതംവർക്കി,സൗണ്ട് ഡിസൈൻരംഗനാഥ് രവി, മിക്സിങ് വിപിൻ. വി. നായർ, പ്രൊഡക്ഷൻ കൺട്രോളർഏൽദോ സെൽവരാജ്, കോസ്റ്റ്യൂം ഡിസൈൻനിസ്സാർ റഹ്മത്ത്,കാസ്റ്റിംഗ് ഡയറക്ടർ ബിനോയ് നമ്പാല സ്റ്റിൽസ്: ഷാജി നാഥൻ, സ്റ്റണ്ട്കെവിൻ കുമാർ, പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർസ്അരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ, ഡിഐ ലിജു പ്രഭാകർ, വിഷ്വൽ എഫക്റ്റ്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി സി, എ.കെ രജിലേഷ്, ഡിസൈൻസ്തോട്ട് സ്റ്റേഷൻ,പി ആർ ഒഎ എസ് ദിനേശ്.



# സ്വർഗം

അജു വർഗീസ്,ജോണി ആന്റണി,അനന്യ, മഞ്ജു പിള്ള എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി 'ഒരു സെക്കന്റ് ക്ലാസ് യാത്ര ' എന്ന ചിത്രത്തിനു ശേഷം റെജീസ് ആന്റണി സംവിധാനം ചെയ്യുന്ന സ്വർഗം എന്ന സിനിമയുടെ പൂജ കർമ്മം

എറണാകുളംപാലാരിവട്ടം ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.മുഖ്യാതിഥികളായ തലശ്ശേരി ബിഷപ്പ് മാർ ജോസഫ് പാംബ്ളാനി, മാണി സി കാപ്പൻ എം എൽ എ എന്നിവർ ഭദ്രദീപം തെളിയിച്ച് ചടങ്ങിനു തുടക്കം കുറിച്ചു. തുടർന്ന് ഇരുവരും ചേർന്ന്' സ്വർഗം 'എന്ന് ചിത്രത്തിന്റെ ടൈറ്റിൽ ലോഞ്ച് നിർവ്വഹിച്ചു.

വിനീത് തട്ടിൽ,അഭിരാം രാധാകൃഷ്ണൻ, സജിൻ ചെറുകയിൽ, ഉണ്ണിരാജാ, രഞ്ജിത്ത് കങ്കോൽ, കുടശ്ശനാട് കനകം തുടങ്ങിയവരാണ് മറ്റു താരങ്ങൾ. പുതുമുഖങ്ങളായ സൂര്യാ,മഞ്ചാടി ജോബി, ശ്രീറാം, ദേവാഞ്ജന എന്നിവരും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.സി എൻ ഗ്ലോബൽ മൂവീസിന്റെ ബാനറിൽ ലിസ്സി കെ. ഫെർണാണ്ടസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെഛായാഗ്രഹണംഎസ് ശരവണൻ നിർവ്വഹിക്കുന്നു.സന്തോഷ് വർമ്മ, എങ്ങണ്ടിയൂർ ചന്ദ്രശേഖരൻ,ബേബി ജോൺ കലയന്താനി എന്നിവരുടെ വരികൾക്ക് മോഹൻ സിത്താര സംഗീതം പകരുന്നു.റെജീസ് ആന്റെണി,റോസ് ആന്റെണി എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.എഡിറ്റിംഗ്ഡോൺ മാക്സ്.കഥ ലിസ്സി.കെ.ഫെർണാണ്ടസ്,ജിനി ജോൺ.കലാ സംവിധാനം അപ്പുണ്ണി സാജൻ,മേക്കപ്പ്പാണ്ഡ്യൻ, കോസ്റ്റ്യും ഡിസൈൻ റോസ് ആന്റണി.അസ്സോസ്സിയേറ്റ് ഡയറക്ടർ റെജിലേഷ്,ആന്റോസ് മാണി,പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ബാബുരാജ് മനിശ്ശേരി.പ്രൊഡക്ഷൻ കൺട്രോളർ തോബിയാസ്,സ്റ്റിൽസ്ജിജേഷ് വാടി, പോസ്റ്റർ ഡിസൈൻഅനന്തു.ഈരാറ്റുപേട്ട,പാലാ എന്നിവിടങ്ങളിലായി 'സ്വർഗ' ത്തിന്റെചിത്രീകരണം പൂർത്തിയാകും.പി ആർ ഒഎ എസ് ദിനേശ്.

# മുറ പൂർത്തിയായി

തലസ്ഥാന നഗരിയുടെ പശ്ചാത്തലത്തിൽ മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന മുറ എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി. അൻപത്തി ഏഴു ദിവസങ്ങൾ തിരുവനന്തപുരം, മധുരൈ, തെങ്കാശി, ബാംഗ്ലൂർ എന്നീ സ്ഥലങ്ങളിലാണ് മുറയുടെ ഷൂട്ടിംഗ് നടന്നത്. കേരളത്തിലെ സിനിമാരംഗത്തെ പ്രമുഖ നിർമ്മാണവിതരണ കമ്പനിയായ എച്ച് ആർ പിക്ചേഴ്സിന്റെ നേതൃത്വത്തിൽ റിയാ ഷിബു ആണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. സുരാജ് വെഞ്ഞാറമൂട്, ഹ്രിദ്ധു ഹാറൂൺ, മാലാ പാർവതി, കനി കുസൃതി, കണ്ണൻ നായർ, ജോബിൻ ദാസ്, അനുജിത് കണ്ണൻ, യെദു കൃഷ്ണാ,വിഘ്നേശ്വർ സുരേഷ്, കൃഷ് ഹസ്സൻ, സിബി ജോസഫ് എന്നിവരാണ് മുറയിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മുറയുടെ രചന നിർവഹിക്കുന്നത് ഉപ്പും മുളകും ഫെയിം സുരേഷ് ബാബുവാണ്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : റോണി സക്കറിയ, ഛായാഗ്രഹണം: ഫാസിൽ നാസർ, എഡിറ്റിംഗ്: ചമൻ ചാക്കോ, സംഗീത സംവിധാനം : ക്രിസ്റ്റി ജോബി കലാസംവിധാനം : ശ്രീനു കല്ലേലിൽ , മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : നിസാർ റഹ്മത്ത്, ആക്ഷൻ : പി.സി. സ്റ്റൻഡ്സ്, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട് എന്നിവരാണ്.പി ആർ ഓ പ്രതീഷ് ശേഖർ.




# പഞ്ചവത്സര പദ്ധതി ഏപ്രിൽ 26ന്

യുവനടൻ സിജു വിത്സനെ നായകനാക്കി പി.ജി.പ്രേംലാൽ സംവിധാനം ചെയ്യുന്ന'പഞ്ചവത്സര പദ്ധതിഏപ്രിൽ ഇരുപത്തിയാറിന് പ്രദർശനത്തിനെത്തുന്നു.കിച്ചാപ്പൂസ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ കെ ജി അനിൽകുമാർ നിർമ്മിക്കുന്ന 'പഞ്ചവത്സര പദ്ധതി'യുടെ തിരക്കഥ സംഭാഷണം 'തൊണ്ടിമുതലും ദൃക്സാക്ഷിയും ' എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സജീവ് പാഴൂർ എഴുതുന്നു ആൽബിഛായാഗ്രഹണം നിർവ്വഹിക്കുന്നു.റഫീഖ് അഹമ്മദ്, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവർ എഴുതിയ വരികൾക്ക് ഷാൻ റഹ്മാൻ സംഗീതം പകരുന്നു.എഡിറ്റിംഗ് കിരൺ ദാസ്. എന്നാ താൻ കേസ് കൊട് എന്ന ചിത്രത്തിലെ മജിസ്ട്രേറ്റിന്റെ വേഷത്തിലൂടെ പ്രേക്ഷക പ്രീതി നേടിയ പിപി കുഞ്ഞികൃഷ്ണൻ ഒരു പ്രധാനവേഷം ചെയ്യുന്ന ഈ ചിത്രത്തിൽ പുതുമുഖം കൃഷ്ണേന്ദു എ.മേനോൻ നായികയാവുന്നു.

നിഷ സാരംഗ് , ഹരീഷ് പേങ്ങൻ,സിബി തോമസ്, ജോളി ചിറയത്ത്, ലാലി മരക്കാർ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. പ്രൊഡക്ഷൻ കൺട്രോളർബിനു പി കെ,കലത്യാഗു തവന്നൂർ, മേക്കപ്പ്രഞ്ജിത് മണലിപ്പറമ്പിൽ,

വസ്ത്രാലങ്കാരംവീണ സ്യാമന്തക്,സ്റ്റിൽസ്ജെസ്റ്റിൻ ജെയിംസ്, പോസ്റ്റർ ഡിസൈൻ ആന്റണി സ്റ്റീഫൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർരജലീഷ്,ആക്ഷൻ മാഫിയ ശശി.സൗണ്ട് ഡിസൈൻജിതിൻ ജോസഫ്, സൗണ്ട് മിക്സിംഗ്ഷിനോയ് ജോസഫ്,വിഎഫ്എക്സ്അമൽ,ഷിമോൻ എൻ എക്സ്, ഫിനാൻസ് കൺട്രോളർ ധനേഷ് നടുവല്ലിയിൽ.പി ആർ ഒഎ എസ് ദിനേശ്.

# പുതിയ പൾസർ എൻ250 പുറത്തിറക്കി

**കൊച്ചി:** ഇരുചക്ര, മുച്ചക്ര വാഹന കമ്പനിയായ ബജാജ് ഓട്ടോ, തങ്ങളുടെ ഏറ്റവും പുതിയ മുൻനിര പൾസർ എൻ250 കൊച്ചിയിൽ പുറത്തിറക്കി. പൾസർ നിരയിലെ ഏറ്റവും വലിയ എഞ്ചിൻ നൽകുന്നതിനൊപ്പം, ഉപഭോക്താക്കൾക്ക് ഉയർന്നതും കൃത്യവുമായ റൈഡിംഗ് അനുഭവം പ്രദാനം ചെയ്യുന്ന ഈ നേക്കഡ് സ്ട്രീറ്റ്ഫൈറ്റർ വളരെയധികം സവിശേഷതകൾ നിറഞ്ഞതാണെന്ന് ബജാജ് ഓട്ടോ മോട്ടോർസൈക്കിൾസ് പ്രസിഡന്റ് സാരംഗ് കാനഡെ പറഞ്ഞു. റോഡ്, റെയിൻ, ഓഫ് റോഡ് എന്നിങ്ങനെ മൂന്ന് എബിഎസ് റൈഡ് മോഡുകൾ പൾസർ എൻ250ൽ സജ്ജീകരിച്ചിരിക്കുന്നു. തെന്നുന്ന പ്രതലങ്ങളിലോ ഹാർഡ് ആക്സിലറേഷനിലോ പിൻചക്രം നിയന്ത്രണം വിട്ട് കറങ്ങുന്നത് തടയുന്ന സ്വിച്ചബിൾ ട്രാക്ഷൻ കൺട്രോൾ, ബൈക്കിന്റെ ചടുലതയും ഷോക്ക് അബ്സോർപ്ഷൻ കഴിവുകളും മെച്ചപ്പെടുത്തുന്ന അപ്സൈഡ്ഡൗൺ ഫോർക്ക് സസ്പെൻഷൻ, ബ്ലൂടൂത്ത് കണക്റ്റിവിറ്റിയുള്ള ഡിജിറ്റൽ കൺസോൾ എന്നിവ പുതിയ പൾസറിന്റെ സവിശേഷതകളാണ്. ബ്രൂക്ക്ലിൻ ബ്ലാക്ക്, പേൾ മെറ്റാലിക് വൈറ്റ്, ഗ്ലോസി റേസിംഗ് റെഡ് എന്നീ നിറങ്ങളിൽ ലഭ്യമാവുന്ന പുതിയ പൾസർ ച250യുടെ കൊച്ചിയിലെ എക്സ് ഷോറൂം വില 1, 52, 314 രൂപയാണ്.



നൂതന സവിശേഷതകളും സാങ്കേതികവിദ്യയും ഉള്ള പൾസർ എൻ250, 150 മുതൽ 160 സിസിവരെ നവീകരിക്കാൻ ഉദ്ദേശിക്കുന്നവർക്ക് 1.51 ലക്ഷം വിലയുള്ള ഒരു ആകർഷകമായ ഉൽപ്പന്നമാണ്. ഇന്ത്യയുടെ ◌1 സ്പോർട്സ് മോട്ടോർസൈക്കിൾ എന്ന നിലയിൽ പൾസറിന്റെ നേതൃത്വത്തെ ശക്തിപ്പെടുത്തിക്കൊണ്ട് കൃത്യമായ, കണക്റ്റുചെയ്തതും പ്രകടനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായ ഒരു പൾസറിന്റെ പര്യായമായ റൈഡിംഗിന്റെ ആവേശം ഇത് നിങ്ങൾക്ക് നൽകുന്നുവെന്നും സാരംഗ് കാനഡെ പറഞ്ഞു.ടേൺ ബൈടേൺ നാവിഗേഷൻ ഫീച്ചർ, പുത്തൻ സ്റ്റൈലിംഗ് ഗ്രാഫിക്സ്, വീതിയേറിയ ടയറുകൾ, ഏറ്റവും വലിയ എഞ്ചിൻ, ബ്ലാക്ക് ക്രോം ബ്രാൻഡിംഗ്, ബ്ലാക്ക്ഡ്ഔട്ട് അലോയ്കൾ, ഡടഉ ഫോർക്കുകൾ, എക്സ്ഹോസ്റ്റ്, എഞ്ചിൻ കേസിംഗ് എന്നിവ പൾസർ ച250ന്റെ ശക്തമായ റോഡ് സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ജാവ യെസ്ഡി പുതിയ സ്റ്റെൽത്ത് ഡ്യുവൽടോൺ പെറാക് അവതരിപ്പിച്ചു

**കൊച്ചി:** ജാവ് യെസ്ഡി മോട്ടോർ സൈക്കിൾസ് തങ്ങളുടെ പതാക വാഹക ജാവ പെറാക് പുത്തൻ പുതിയ സ്റ്റെൽത്ത് ഡ്യുവൽ ടോൺ പെയിന്റ് സ്ക്കീമിൽ അവതരിപ്പിച്ചു. റൈഡിങ് അനുഭവങ്ങൾ മെച്ചപ്പെടുത്തിയും റൈഡിങ് പ്രേമികൾക്ക് കൂടുതൽ ലഭ്യമാക്കിയും 2.09 ലക്ഷം രൂപ മുതലുള്ള (ഡൽഹി എക്സ് ഷോറൂം) വിലയിലാണ് ജാവ 42 ബോബർ അവതരിപ്പിച്ചിരിക്കുന്നത്.ഐതിഹാസിക മോഡലുകളായ ജാവ പെറാകും ജാവ 42 ബോബറും വഴി മോട്ടോർ സൈക്കിൾ വിപണിയെ പുനർനിർവചിച്ച ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ആവേശകരമായ ബോബർ സംസ്ക്കാരം മാത്രമല്ല ആധികാരിക സ്റ്റൈൽ സ്പോർട്ടി പ്രകടനം ആഗ്രഹിക്കുന്നവർക്കിടയിൽ വൻ ജനപ്രീതിയും നേടിയിരുന്നു.തങ്ങളുടെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന മോഡലുകളിലൊന്നാണ് ജാവ പെറാക് എന്നും ഈ മേഖലയിലെ തങ്ങളുടെ മേധാവിത്തം കൂടുതൽ ശക്തമാക്കുന്നതായിരിക്കും 42 ബോബർ എന്നും ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആഷിഷ് സിങ് ജോഷി പറഞ്ഞു. ജാവ പെറാക്കിൻറെ ഡൽഹിയിലെ എക്സ്ഷോറൂം വില 2,13,187 രൂപയാണ്. ജാവ 42 ബോബറിൻറെ വിവിധ വേരിയൻറുകളുടെ ഡൽഹിയിലെ എക്സ് ഷോറൂം വില 2,09,500 മുതൽ 2,29,500 രൂപ വരെയാണ്.






15-ാമത് CIDC (കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡവലപ്മെന്റ് കൗൺസിൽ) വിശ്വകർമ്മ അവാർഡ് 2024-ന്റെ ബെസ്റ്റ് കൺസ്ട്രക്ഷൻ വിഭാഗം അവാർഡ് (വർമ്മ ബൊഗേയ്ൻ ഹൈറ്റ്സ് പർപ്പിൾ) ഡോ. മിനി വർമ്മയ്ക്ക് (ഡയറക്ടർ, വർമ്മ ഹോംസ്) ഡോ. പി എസ് റാണ (ചെയർമാൻ, CIDC), ശ്രീ. യോഗേഷ് ഖൈർനർ (പ്രസിഡന്റ്-സെയിൽസ് & മാർക്കറ്റിംഗ് ,JSW) എന്നിവർ ചേർന്ന് നൽകുന്നു. കൺസ്ട്രക്ഷനിലെ മികവ് പരിഗണിച്ചാണ് ഇന്ത്യാ ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷനും നിർമ്മാണ വ്യവസായ മേഖലയും ചേർന്ന് ഈ അവാർഡ് നൽകിയത്.

## ഓഫറുകളുമായി ഐകൂ

**കൊച്ചി:** ഇന്ത്യയിലെ നാല് വർഷത്തെ വാർഷികത്തോടനുബന്ധിച്ച്, ഉയർന്ന പ്രവർത്തനക്ഷമതയുള്ള സ്മാർട്ട്ഫോൺ ബ്രാൻഡായ ഐകൂ, 2024 ഏപ്രിൽ 9 മുതൽ ഏപ്രിൽ 14 വരെ തങ്ങളുടെ മുൻനിര, നിയോ, ഇസഡ് സീരീസ് ഉൽപ്പന്ന നിരയിൽ ഓഫറുകളും കിഴിവുകളും പ്രഖ്യാപിച്ചു.പവർപാക്ക്ഡ് ഐകൂ 11 വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 25,000 രൂപ വരെ വലിയ ലാഭം ആസ്വദിക്കാനാകും. ഐകൂ ഇസ്റ്റോർ, ആമസോൺ എന്നിവയിൽ ഐകൂ 12 റെഡ് വേരിയന്റ്, ഐകൂ ഇസഡ് 9, ഐകൂ നിയോ 9 പ്രൊ, ഐകൂ ഇസഡ് 7 പ്രൊ എന്നിവയുൾപ്പെടെ സ്മാർട്ട്ഫോണുകളുടെ ശ്രേണിയിൽ പ്രത്യേക ഓഫറുകൾ ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു

